പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3828 25-06-2013 -ൽ മറുപടിക്ക്.

സാഫല്യം പാർപ്പിടം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.സത്യൻ. | | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) ദുർബലവിഭാഗങ്ങൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുന്ന സാഫല്യം പദ്ധതിയിൻപ്രകാരം ഗുണഭോക്താവിനെ തെരെഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ; | (എ) | (1) ഭൂ-ഭവനരഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിൽ പ്രചാരത്തിലുള്ള 3 മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100/- രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.<br>(2) ടി ഡാറ്റാ ബാങ്കിൽ നിന്നും പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും ഗുണഭോക്താക്കളുടെ അപേക്ഷ വാങ്ങി (അപേക്ഷാ ഫോറം ഫീസ് 10 രൂപ) യുക്തമായ നടപടി ക്രമങ്ങളിലൂടെ ഗുണഭോക്താവിനെ ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി തെരെഞ്ഞെടുക്കുന്നതാണ്. ഭവന നിർമ്മാണ ബോർഡിലെ ബന്ധപ്പെട്ട ഡിവിഷനിലെ (ജില്ലാ ഓഫീസിലെ), എക്സിക്യൂട്ടീവ് എൻജിനിയർ (അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ), പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി (അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ), പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ, വാർഡ് കൗൺസിലർ എന്നിവരാണ് ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ. |
| (ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിന്നും എത്ര പേർക്ക് ഈ പദ്ധതി പ്രകാരം പാർപ്പിടം ലഭ്യമാകുന്നുണ്ട് ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ പദ്ധതി രൂപകൽപ്പന ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ